# കാരുണ്യകേരളം

സ്റ്റേറ്റ് ഹെൽത്ത് ഏജൻസി

വാർത്താപത്രിക

വാല്യം : 01 ലക്കം : 05 2021 ഒക്ടോബർ

# സൗജന്യ ചികിത്സ: ഇന്ത്യയിൽ ഒന്നാമത് കേരളം




- **കേരളത്തിന് മൂന്നു ദേശീയ പുരസ്കാരങ്ങൾ**
- **കോട്ടയം, ആലപ്പുഴ മെഡിക്കൽ കോളേജുകൾക്കും പുരസ്കാരം**

**ആ**രോഗ്യമേഖലയിൽ കേരളത്തിന് മൂന്നു ദേശീയ പുരസ്കാരങ്ങൾ. കേന്ദ്ര ആരോഗ്യമന്ത്രി മൻസുഖ് മാണ്ഡവ്യയാണ് ഇതു സംബന്ധിച്ച പ്രഖ്യാപനം നടത്തിയത്. കേന്ദ്ര സർക്കാരിന്റെ 'ആരോഗ്യ മന്തൻ 3.0' ൽ ഏറ്റവും കൂടുതൽ സൗജന്യചികിത്സ നൽകിയ സംസ്ഥാനത്തിനുള്ള അവാർഡ് കേരളത്തിനാണ്. ആയുഷ്മാൻ ഭാരത് പ്രധാൻമന്ത്രി ജൻ ആരോഗ്യ യോജന കാരുണ്യ ആരോഗ്യ സുരക്ഷ പദ്ധതി പ്രകാരം ഏറ്റവും കൂടുതൽ സൗജന്യ ചികിത്സ ലഭ്യമാക്കിയ സർക്കാർ ആശുപത്രിക്കുള്ള അവാർഡ് കോട്ടയം സർക്കാർ മെഡിക്കൽ കോളേജ് കരസ്ഥമാക്കി. കഴിഞ്ഞ ഒരുവർഷ കാലയളവിൽ ഏറ്റവും കൂടുതൽ എ.ബി.പി.എം ജെഎവൈ /കാസ്പ് കാർഡ് ലഭ്യമാക്കിയ പ്രധാൻമന്ത്രിആരോഗ്യമിത്രയ്ക്കുള്ള അവാർഡിന് ആലപ്പുഴ വണ്ടാനം ടിഡി മെഡിക്കൽ കോളേജിലെ എ.അശ്വതി അർഹയായി..

സംസ്ഥാന ആരോഗ്യ കുടുംബക്ഷേമ വകുപ്പിന് കീഴിൽ രൂപംനൽകിയ സ്റ്റേറ്റ് ഹെൽത്ത് ഏജൻസി (എസ്.എച്ച്.എ) യെ ആണ് പദ്ധതിയുടെ നടത്തിപ്പ് ചുമതല ഏൽപ്പിച്ചിരിക്കുന്നത്. കോവിഡ് മഹാമാരി സമയത്ത് സ്വകാര്യആശുപത്രികളിലെ കോവിഡ് ചികിത്സ ഏകോപിപ്പിക്കുന്നതിൽ എസ്.എച്ച്.എ വഹിച്ച പങ്ക് നിർണ്ണായകമാണ്. കേരളത്തിൽ 'കാസ്പ്' ഗുണഭോക്താവല്ലാത്ത, സർക്കാർ റഫർ ചെയ്ത കോവിഡ് രോഗികൾക്കും സ്വകാര്യആശുപത്രികളിൽ നിന്നും പദ്ധതി പ്രകാരം സൗജന്യ ചികിത്സ ലഭ്യമാക്കിയിട്ടുണ്ട്. ശ്രദ്ധേയമായ ഈ ചുവടുവയ്പ്പാണ് ഇന്ത്യയിൽ ഏറ്റവും കൂടുതൽ സൗജന്യ ചികിത്സ ലഭ്യമാക്കിയ സ്റ്റേറ്റ് ഹെൽത്ത് ഏജൻസിയായി എസ് എച്ച് എ കേരളയെ തെരഞ്ഞെടുക്കാൻ കാരണമായത്.

മൂന്നുവർഷ കാലയളവിൽ 27.5 ലക്ഷം സൗജന്യചികിത്സ ലഭ്യമാക്കിയ ഇനത്തിൽ 836.8 കോടി രൂപ കേരളസർക്കാർ വിഹിതമായും 259.56 കോടി രൂപ കേന്ദ്രസർക്കാർ വിഹിതമായും ചെലവഴിച്ചിട്ടുണ്ട്. കാരുണ്യ ബെനവലന്റ് ഫണ്ട് (കെ.ബി.എഫ്) പദ്ധതി പ്രകാരം ലഭ്യമാക്കുന്ന സൗജന്യചികിത്സയുടെ മുഴുവൻ തുകയും കേരളസർക്കാരാണ് വഹിക്കുന്നത്. 'കാസ്പ്' പദ്ധതി പ്രകാരം പ്രതിവർഷം ഒരു കുടുംബത്തിന് അഞ്ചു ലക്ഷം രൂപയുടെയും കെ.ബി.എഫ് പദ്ധതി പ്രകാരം ആജീവനാന്തം രണ്ടു ലക്ഷം രൂപയുടെയും സൗജന്യ ചികിത്സയാണ് ലഭ്യമാകുന്നത്. 'കാസ്പ്' പദ്ധതിയിൽ ഉൾപ്പെടാത്ത, മൂന്നു ലക്ഷം രൂപയിൽ താഴെ വാർഷികവരുമാനമുള്ള എല്ലാ കുടുംബങ്ങൾക്കും കെബിഎഫ് പദ്ധതിയുടെ ആനുകൂല്യം ലഭ്യമാകും. നിലവിൽ കേരളത്തിൽ ഈ പദ്ധതികളുടെ ആനുകൂല്യം 193 സർക്കാർ ആശുപത്രികളിലും 575 സ്വകാര്യ ആശുപത്രികളിലും ലഭ്യമാണ്.


പുരസ്കാരത്തിന് അർഹമായ കോട്ടയം മെഡിക്കൽകോളേജ്


കേന്ദ്ര മന്ത്രി മൻസുഖ് മാണ്ഡവ്യ പുരസ്കാരങ്ങൾ പ്രഖ്യാപിക്കുന്നു

## പത്രാധിപ സമിതി

ചീഫ് എഡിറ്റർ:
**ഡോ രത്തൻ യു കേൽക്കർ** IAS
(എക്സിക്യുട്ടീവ് ഡയറക്ടർ )

എഡിറ്റർ :
**ലത്തീഫ് സി**
(മാനേജർ-ഐ.ഇ.സി & സി.ബി)

അസി എഡിറ്റർ:
**വിപിൻ വി**
(എക്സിക്യുട്ടീവ് - ഐ.ഇ.സി & സി.ബി)

***അംഗങ്ങൾ***

**ഡോ ബിജോയ് ഇ**
(ജോയിന്റ് ഡയറക്ടർ - ഓപ്പറേഷൻസ്)

**സുരേഷ് കെ**
(മാനേജർ- എച്ച് ആർ & അഡ്മിനിസ്ട്രേഷൻ)

**അനികൃഷ്ണ കെ**
(മാനേജർ - ജി ആർ & എം ഇ )


**വിപിൻ സി മാത്യു**
(മാനേജർ - ഫിനാൻസ്)

**ഡോ വിമൽ വി വി**
(മാനേജർ - HN & QA)

**വിവേക് കൃഷ്ണൻ പി.കെ**
(മാനേജർ - ഐ.ടി)

കൺസൾട്ടിങ് എഡിറ്റർ:
**അജിത് വെണ്ണിയൂർ**


# സ്റ്റേറ്റ് ഹെൽത്ത് ഏജൻസി ഉദ്യോഗസ്ഥർക്ക് പരിശീലനം




**സ്റ്റേറ്റ്** ഹെൽത്ത് ഏജൻസി ഉദ്യോഗസ്ഥർക്ക് ഹെൽത്ത് ഇക്കണോമിക്സ്, ഹെൽത്ത് ഫിനാൻസിംഗ്, ഹെൽത്ത് ഇൻഷുറൻസ് എന്നിവയിൽ ശേഷി വർദ്ധിപ്പിക്കുന്നതിനായി ഈ മേഖലകളിൽ പ്രാവീണ്യം നേടിയിട്ടുള്ള അഡ്മിനിസ്ട്രേറ്റീവ് സ്റ്റാഫ് കോളേജ് ഓഫ് ഇന്ത്യ (ASCI ഹൈദരാബാദ്) യുമായി ധാരണാപത്രം ഒപ്പുവച്ചു. 90 മിനുട്ട് ദൈർഘ്യമുള്ള 32സെഷനുകൾ ആണ് നടപ്പ് സാമ്പത്തിക വർഷം ആസൂത്രണം ചെയ്തിട്ടുള്ളത്. കോവിഡ് പശ്ചാത്തലം കണക്കിലെടുത്ത് പരിശീലന പരിപാടികൾ ഓൺലൈൻ ആയാണ് നടത്തുക. പരിശീലന പരിപാടി സ്റ്റേറ്റ് ഹെൽത്ത് ഏജൻസി എക്സിക്യൂട്ടീവ് ഡയറക്ടർ ഡോ. രത്തൻ കേൽക്കർ IAS ഉദ്ഘാടനം ചെയ്തു. ASCI ഡയറക്ടർ ജനറൽ (ഇൻചാർജ്) ഡോ. നിർമാല്യ ബാഗ്ചി മുഖ്യ പ്രഭാഷണം നടത്തി. ഒരു വർഷത്തെ പരിശീലന പരിപാടികളെ കുറിച്ച് ASCI ഹെൽത്ത് കെയർ മാനേജ്മെന്റ് സെന്റർ പ്രൊഫസർ ഡോ. സുബോധ് കണ്ടമുത്തൻ വിശദീകരണം നടത്തി. പ്രോജക്ട് മാനേജ്മെന്റ് എന്ന വിഷയത്തിൽ പ്രൊഫസർ ബി.വി. എൻ.സചേന്ദ്ര സംസാരിച്ചു.

സ്റ്റേറ്റ് ഹെൽത്ത് ഏജൻസി ഐ ഇ സി & കപ്പാസിറ്റി ബിൽഡിംഗ് മാനേജർ ലത്തീഫ് സി സ്വാഗതവും എക്സിക്യൂട്ടീവ് വിപിൻ വി നന്ദിയും പറഞ്ഞു. പരിശീലന പരിപാടിയിൽ സ്റ്റേറ്റ് ഹെൽത്ത് ഏജൻസി കേരളയിലെ 32 ഉദ്യോഗസ്ഥർ പങ്കെടുത്തു.

# ഇൻഷുറൻസ് കാർഡ്: അശ്വതിക്ക് ദേശീയാംഗീകാരം





**കേ**ന്ദ്ര സർക്കാരിന്റെ ആയുഷ്മാൻ ഭാരത് പ്രധാൻമന്ത്രിജൻആരോഗ്യ യോജനയുമായി കൈകോർത്ത് കേരളത്തിൽ നടപ്പാക്കിവരുന്ന കാരുണ്യ ആരോഗ്യസുരക്ഷ പദ്ധതിയിൽ രാജ്യത്ത് ഏറ്റവും കൂടുതൽ ഇൻഷുറൻസ് കാർഡ് (PMJAY) ലഭ്യമാക്കിയതിനുള്ള മൂന്നാം സ്ഥാനം ആലപ്പുഴ വണ്ടാനം മെഡിക്കൽ കോളേജിലെ പ്രധാൻമന്ത്രി ആരോഗ്യമിത്ര (PMAM) എ.അശ്വതി സ്വന്തമാക്കി. കഴിഞ്ഞ സാമ്പത്തിക വർഷം 8190 ആരോഗ്യ ഇൻഷുറൻസ് കാർഡ് ലഭ്യമാക്കിയതിനാണ് പദ്ധതിയുടെ മൂന്നാം വാർഷികാഘോഷവേളയിൽ അശ്വതിക്ക് ഈ ദേശീയാംഗീകാരം ലഭിച്ചത്.

കേരളത്തിൽ നിലവിൽ അർഹതപ്പെട്ട മുഴുവൻ കുടുംബങ്ങൾക്കും ആരോഗ്യ ഇൻഷുറൻസ് കാർഡ് ലഭ്യമാക്കിയിട്ടുണ്ട്. ഇതിൽ 'ആരോഗ്യമിത്ര' മാർ വഹിക്കുന്ന പങ്ക് നിർണായകമാണ്.

എംപാനൽ ചെയ്ത ആശുപത്രികളിൽ എത്തുന്ന രോഗികൾ സൗജന്യ ചികിത്സയ്ക്ക് അർഹരാണോ എന്ന് പരിശോധിക്കുന്നതുമുതൽ കാർഡ് ലഭ്യമാക്കി കിടത്തിചികിത്സ കഴിഞ്ഞ് ഡിസ്ചാർജ്വരെയുള്ള എല്ലാ സേവനങ്ങളും ഏകോപിപ്പിക്കുന്നത് ആശുപത്രികളിലെ പ്രധാൻമന്ത്രിആരോഗ്യമിത്രമാരാണ്.

# 'കാരുണ്യ'യോട് കരുണ വേണം, അൽപ്പം കരുതലും




**സാ**മൂഹിക മാധ്യമങ്ങൾ വാർത്താ വിനിമയ രംഗത്ത് സൃഷ്ടിച്ച വിപ്ലവം വിവരണാതീതമാണ്. ചിലപ്പോഴെങ്കിലും ഔദ്യോഗിക, വാണിജ്യ മാധ്യമങ്ങളുടെ പ്രസക്തി ചോദ്യം ചെയ്യുന്ന തരത്തിൽ സാമൂഹികമാധ്യമങ്ങൾക്ക് വളരാനും സാധിച്ചിട്ടുണ്ട്. നാം ഓരോരുത്തരും വാർത്താവതാരകരും വാർത്താവിതരണക്കാരുമാകുന്ന സങ്കീർണ സാഹചര്യം. ഇതിനിടയിൽ ചിലർ മനഃപൂർവ്വമായി അസത്യം പടച്ചുവിടുന്നത് അറിയാതെയാണെങ്കിലും നാമെല്ലാം പങ്കുവച്ചുപോകാറുണ്ട്. ഈ രീതിയിൽ സാമൂഹിക മാധ്യമങ്ങളിൽ കാരുണ്യ ആരോഗ്യ സുരക്ഷ പദ്ധതി (KASP)യെ കുറിച്ച് പ്രചരിക്കുന്ന തെറ്റായ ചില വാർത്തകളാണ് ചിത്രത്തിൽ ചേർത്തിരിക്കുന്നത്. ഈ വാർത്തകൾ വസ്തുതാവിരുദ്ധമാണ്. എന്താണ് KASP പദ്ധതി, ആരൊക്കെയാണ് ഈ പദ്ധതിയുടെ ഗുണഭോക്താക്കൾ, പദ്ധതിയുടെ സേവനങ്ങൾ എന്തൊക്കെ എന്നീ വിവരങ്ങൾ വിശദമായി ചുവടെ ചേർക്കുന്നു.

## കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി (KASP)

സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന കുടുംബങ്ങളിൽ പൊടുന്നനെ ഉണ്ടാകുന്ന ആരോഗ്യപ്രശ്നങ്ങൾ കുടുംബങ്ങളുടെ താളം തെറ്റിച്ചേക്കാം. ഇത് മറികടക്കുന്നതിനായി സംസ്ഥാന സർക്കാർ രൂപം നൽകിയതാണ് കാരുണ്യ ആരോഗ്യ സുരക്ഷ പദ്ധതി (കാസ്പ്). 42 ലക്ഷം കുടുംബങ്ങൾക്ക് ദ്വിതീയ, ത്രിതീയ ചികിത്സകൾ തികച്ചും സൗജന്യമായി നൽകാനുദ്ദേശിച്ചുള്ള കാസ്പ് പദ്ധതിയിൽ നിലവിൽ എംപാനൽ ചെയ്തിട്ടുള്ള 763 ആശുപത്രികളിൽ നിന്നും പദ്ധതിയുടെ അംഗങ്ങളായിട്ടുള്ള കുടുംബങ്ങൾക്ക് പ്രതിവർഷം 5 ലക്ഷം രൂപയുടെ സൗജന്യ ചികിത്സ ലഭ്യമാണ്. പദ്ധതി നടത്തിപ്പിനായി സംസ്ഥാന ആരോഗ്യ കുടുംബക്ഷേമ വകുപ്പിന് കീഴിൽ സ്റ്റേറ്റ് ഹെൽത്ത് ഏജൻസി (എസ്.എച്ച്.എ)ക്ക് രൂപം നൽകി. പദ്ധതിയിൽ പ്രധാനമായും 26 സ്പെഷ്യാലിറ്റികളിലായി 1667 പാക്കേജുകളിൽ ചികിത്സ ലഭ്യമാണ്.

ഈ പാക്കേജുകളിൽ ഉൾപ്പെടാത്ത അസുഖങ്ങളെ അൺസ്പെസിഫൈഡ് പാക്കേജുകളിൽ ഉൾപ്പെടുത്തി സൗജന്യചികിത്സ ലഭ്യമാക്കിവരുന്നു. കാസ്പ് പദ്ധതിയിൽ ഗുണഭോക്താവിന് അംഗത്വകാർഡ് നൽകുന്നതും ചികിത്സാനടപടിക്രമങ്ങൾ രേഖപ്പെടുത്തുന്നതും പേപ്പർരഹിതവും പണരഹിതവുമായാണ്. എസ്.എച്ച്.എ ചികിത്സയിനത്തിൽ ചെലവായ തുക ഓരോ 15 ദിവസം ഇടവിട്ട് ആശുപത്രികൾക്ക് കൈമാറുന്നതാണ്. ചികിത്സയിനത്തിൽ ഗുണഭോക്താക്കളിൽ നിന്നും ഒരുതരത്തിലുള്ള പണവും ആശുപത്രികൾ ഈടാക്കുന്നതല്ല. കാസ്പ് പദ്ധതി കേരളത്തിൽ നടപ്പാക്കുന്നത് ആയുഷ്മാൻ ഭാരത് പ്രധാൻമന്ത്രിജൻ ആരോഗ്യ യോജന (എ.ബി.പി.എം.ജെ.എ.വൈ) യുമായി കൈകോർത്തുകൊണ്ടാണ്.

2018 ൽ രൂപകൽപ്പന ചെയ്ത കാസ്പ് പദ്ധതിയിൽ സംസ്ഥാനസർക്കാർ മുൻകാലങ്ങളിൽ നടപ്പാക്കിവന്ന ചിസ്, ചിസ്പ്ലസ്, ആർ എസ് ബി വൈ എന്നീ പദ്ധതികളിലെ ഗുണഭോക്താക്കളും ഉൾപ്പെട്ടിട്ടുണ്ട്. കൂടാതെ സംസ്ഥാന ലോട്ടറി വകുപ്പ് നടപ്പാക്കിവന്ന കാരുണ്യ ബെനവലൻറ് ഫണ്ട് (കെ.ബി.എഫ്) പദ്ധതിയും എസ്.എച്ച്.എ മുഖാന്തരമാണ് നടപ്പാക്കുന്നത്. മുൻപ് ലോട്ടറി വകുപ്പ് നടപ്പാക്കിയിരുന്ന സേവനത്തിന് പുറമെ ചില അധികസേവനങ്ങളും പദ്ധതിയിൽ ലഭ്യമാണ്. കേരളത്തിൽ നിലവിൽ സംസ്ഥാന സർക്കാർ 100 ശതമാനം ചികിത്സ ചെലവ് വഹിക്കുന്ന 19,68,765 കുടുംബങ്ങളും കേന്ദ്രസർക്കാരിന്റെ സാമ്പത്തികസഹായം (ആകെ ചികിത്സ ചെലവിന്റെ 60%, ഒരു കുടുംബത്തിന് പരമാവധി 631.2 രൂപ) ലഭ്യമാക്കുന്ന 22,04,673 കുടുംബങ്ങളുമുണ്ട്. കെ.ബി.എഫ് പദ്ധതിയുടെ മുഴുവൻ ചികിത്സചെലവും സംസ്ഥാന സർക്കാരാണ് വഹിക്കുന്നത്. ഈ രീതിയിൽ പദ്ധതിയിൽ ആകെ അംഗങ്ങളായിട്ടുള്ളവരുടെ വിവരം ചുവടെ ചേർക്കുന്നു.

# ദേശീയ ആരോഗ്യ ഐ.ഡി കാർഡ് സൗജന്യചികിത്സയ്ക്കുള്ളതല്ല




**ദേ**ശീയ ആരോഗ്യ ഐ.ഡി കാർഡ് ഉപയോഗിച്ച് കാരുണ്യ ആരോഗ്യ സുരക്ഷ പദ്ധതിയുടെ സൗജന്യ ചികിത്സ ലഭ്യമാകും എന്ന പ്രചാരണം വസ്തുതാവിരുദ്ധമാണെന്ന് സ്റ്റേറ്റ് ഹെൽത്ത് ഏജൻസി അധികൃതർ അറിയിച്ചു. രാജ്യത്തെ ഓരോ വ്യക്തിയുടെയും ആരോഗ്യ ചരിത്രം, പരിശോധനാ ഫലങ്ങൾ, രോഗനിർണയം, ചികിത്സാ വിവരങ്ങൾ തുടങ്ങിയ രേഖകൾ ഡിജിറ്റൽ രൂപത്തിൽ ശേഖരിച്ച് ഇലക്ട്രോണിക് സംവിധാനത്തിൽ സൂക്ഷിക്കുകയാണ് ദേശീയ ആരോഗ്യ ഐഡി കാർഡിന്റെ ഉദ്ദേശ്യം. പൗരന്മാരുടെ അനാവശ്യ ചികിത്സ പരിശോധനകൾ ഒഴിവാക്കാനാവുന്നു എന്നതാണ് ഇതിന്റെ പ്രയോജനം. ഇതുവഴി സൗജന്യ ചികിത്സ ലഭിക്കുമെന്നുള്ള വാർത്തകൾ തെറ്റിദ്ധാരണാജനകമാണ്.

| അംഗത്വം ലഭിച്ച കുടുംബങ്ങളുടെ ആകെ എണ്ണം | സംസ്ഥാന സർക്കാർ പൂർണ്ണമായും ചികിത്സ ചെലവ് വഹിക്കുന്ന കുടുംബങ്ങളുടെ എണ്ണം | PMJAY കുടുംബം (കേന്ദ്ര വിഹിതം പരമാവധി ഒരു കുടുംബത്തിന് 631.2 രൂപ ) |
|---|---|---|
| 41,73,438 | 19,68,765 | 22,04,673 |

2019 ഏപ്രിൽ ഒന്നു മുതൽ നടപ്പാക്കി വരുന്ന കാസ്പ് പദ്ധതിയിൽ 27.5 ലക്ഷം ക്ലെയിമുകൾ ആശുപത്രികൾ സമർപ്പിച്ചു. അതുപ്രകാരം ചികിത്സ ചെലവിനത്തിൽ 1096.36 കോടി രൂപ സർക്കാർ ചെലവഴിച്ചു.

## കാരുണ്യ ആരോഗ്യ സുരക്ഷ പദ്ധതി ഗുണഭോക്താവ് ആരൊക്കെ ?

- 2018-19 വർഷത്തിൽ രാഷ്ട്രീയ സ്വാസ്ത്യ ഭീമായോജന (RSBY) ആരോഗ്യ ഇൻഷുറൻസ് കാർഡ് പുതുക്കിയിട്ടുള്ളവർ
- ആരോഗ്യ ഇൻഷുറൻസ് ഗുണഭോക്താവാണെന്ന് കാണിച്ച് പ്രധാനമന്ത്രിയുടെ കാര്യാലയത്തിൽ നിന്നും കത്ത് കിട്ടിയിട്ടുള്ളവർ അല്ലെങ്കിൽ 2011 ലെ കാസ്റ്റ് സെൻസസ് (SECC) പ്രകാരം അർഹരായവർ.

## ഗുണഭോക്താക്കൾക്ക് ലഭ്യമാകുന്ന ആനുകൂല്യങ്ങൾ

അർഹതയുള്ള കുടുംബങ്ങളിലെ എല്ലാ അംഗങ്ങൾക്കും ഓരോ വർഷവും പ്രായവ്യത്യാസമില്ലാതെ 5 ലക്ഷം രൂപയുടെ സൗജന്യ ചികിത്സ ലഭിക്കും. ഗുണഭോക്താക്കൾക്ക് നിലവിലുള്ള രോഗങ്ങളുടെ ചികിത്സയും പദ്ധതിയിലൂടെ ലഭ്യമാകും. പദ്ധതിപ്രകാരം ആശുപത്രിയിലെ കിടത്തി ചികിത്സയ്ക്കാണ് ആനുകൂല്യം ലഭിക്കുക. ചുരുങ്ങിയത് 24 മണിക്കൂറെങ്കിലും കിടത്തിചികിത്സ ആവശ്യമുള്ള അസുഖങ്ങളായിരിക്കണം. കിടത്തി ചികിത്സ ആരംഭിക്കുന്നതിനു മുൻപുള്ള മൂന്ന് ദിവസത്തെ പരിശോധനകളും മരുന്നുകളും സൗജന്യമായിരിക്കും. ആശുപത്രിയിൽ പ്രവേശിപ്പിക്കുന്ന സമയത്ത് ചികിത്സയ്ക്കും മരുന്നുകൾക്കും പരിശോധനകൾക്കും ചെലവാകുന്ന മുഴുവൻ തുകയും പദ്ധതിയിൽ ഉൾപ്പെടുന്നതാണ്. ഡിസ്ചാർജ്ജായതിന് ശേഷം പരമാവധി 15 ദിവസം വരെയുള്ള മരുന്നുകൾക്കും പരിശോധനകൾക്കും (ഡോക്ടറുടെ നിർദ്ദേശപ്രകാരം) ചെലവാകുന്ന ചികിത്സചെലവും സൗജന്യമാണ്. നിലവിൽ അലോപ്പതി ചികിത്സയ്ക്ക് മാത്രമേ ആനുകൂല്യം ലഭിക്കുകയുള്ളൂ. ഏത് പ്രായത്തിലുള്ളവരെയും പദ്ധതിയിൽ അംഗമാക്കാം. നിലവിലുള്ള രോഗങ്ങൾക്കും സൗജന്യ ചികിത്സ ആനുകൂല്യം ലഭിക്കുമെന്ന സവിശേഷതയുമുണ്ട്. കിടത്തി ചികിത്സിക്കുന്ന വേളയിൽ എക്സ്റേ, സ്കാനിംഗ് ഉൾപ്പടെയുള്ള എല്ലാ പരിശോധനകളും സൗജന്യമായിരിക്കും. പദ്ധതിയുടെ സേവനങ്ങളെക്കുറിച്ച് കൂടുതൽ അറിയുന്നതിന് സർക്കാർ അറിയിപ്പുകളെ മാത്രം ആശ്രയിക്കുക. ഗുണഭോക്താക്കൾക്ക് പദ്ധതിയെക്കുറിച്ചുള്ള സംശയനിവാരണങ്ങൾക്കായി 24 മണിക്കൂർ പ്രവർത്തിക്കുന്ന 1056/104 നമ്പറിൽ ദിശയുടെ സേവനം ലഭ്യമാണ്. പദ്ധതിയെകുറിച്ചുള്ള തെറ്റായ വാർത്തകൾ ശ്രദ്ധയിൽപ്പെട്ടാൽ ഗുണഭോക്താക്കൾക്ക് മേൽസൂചിപ്പിച്ച ദിശ ടോൾഫ്രീ നമ്പറുകളിൽ പരാതിപ്പെടാവുന്നതാണ്.

പദ്ധതിയുമായി ബന്ധപ്പെട്ട അറിയിപ്പുകൾ എസ്.എച്ച്.എ.യുടെ വെബ്സൈറ്റ് https://sha.kerala.gov.in/, ട്വിറ്റർ ഹാൻഡിൽ (https://twitter.com/AgencyKerala),ഫേസ്ബുക്ക് പേജ് (https://www.facebook.com/statehealthagencykerala/), യുട്യൂബ് (statehealthagencykerala) എന്നിവയിൽ നിന്നും ലഭിക്കുന്നതാണ്. ***ദയവായി സ്വകാര്യവ്യക്തികളുടെ നിയന്ത്രണത്തിലുള്ള സാമൂഹികമാധ്യമങ്ങളിൽ പ്രചരിക്കുന്ന വ്യാജവാർത്തകളെ ആശ്രയിക്കുകയോ പങ്കുവയ്ക്കുകയോ അരുത്.***

# പ്രതീക്ഷയുടെ പുതുനാമ്പ്



“നിങ്ങളുടെ മുന്നിൽ ഇങ്ങനെ ഇരിക്കാൻ പറ്റുമെന്ന് ഞാൻ ഒരിക്കലും പ്രതീക്ഷിച്ചിരുന്നില്ല”. ബെനിഫിഷ്യറി മീറ്റ്നുവേണ്ടി ആദ്യമായി കണ്ടപ്പോൾ നിറകണ്ണുകളോടെ നിഷ പറഞ്ഞത് ഇന്നും ഞാൻ ഓർക്കുന്നു, ചാരിതാർഥ്യത്തോടെ....

നിഷയും ഭർത്താവ് ശിവകുമാറും കുട്ടികളുമടങ്ങുന്ന ആ കുഞ്ഞുകുടുംബത്തിലേക്ക്, വാടകവീട്ടിലേക്ക് വിളിക്കാത്ത അതിഥിയായി കാൻസർ എത്തിയത് വർഷങ്ങൾക്കു മുൻപാണ്. പറക്കമുറ്റാത്ത രണ്ടു കുഞ്ഞുങ്ങളെയും അടുത്തവീട്ടിലാക്കി കാൻസർ ബാധിച്ച ഭർത്താവിനെയും കൊണ്ട് ആർസിസിയിലേക്ക് പായുമ്പോഴും മറ്റേ കൈയ്യിൽ കാരുണ്യയുടെ കാർഡ് എടുക്കാൻ നിഷ മറന്നില്ല. റേഡിയേഷൻ, കീമോതെറാപ്പി...അങ്ങനെ നീണ്ട ചികിത്സകളുടെയും മരുന്നുകളുടെയും ലോകത്തുനിന്ന് ശിവകുമാർ തിരികെവരാൻ തുടങ്ങിയപ്പോഴേക്കും നിഷയ്ക്ക് തന്റെ ജോലി നഷ്ടമായിരുന്നു . പിന്നീട് അങ്ങോട്ടുള്ള ജീവിതം എങ്ങനെ എന്ന് ആലോചിച്ചു തുടങ്ങുമ്പോഴേക്കും തലവേദനയുടെ രൂപത്തിൽ രോഗം വീണ്ടും വില്ലനായെത്തി. അതികഠിനമായ തലവേദനയെ തുടർന്ന് മെഡിക്കൽകോളേജിൽ എത്തിച്ച നിഷയ്ക്ക് തലച്ചോറിലെ ധമനികളിൽ രക്തം കട്ടപിടിക്കുന്ന രോഗമാണെന്ന് സ്ഥിരീകരിക്കുകയും ഉടൻതന്നെ സർജറി നിർദ്ദേശിക്കുകയും ചെയ്തു.

രോഗിയായ ശിവകുമാർ കൂട്ടിയാൽ കൂടുന്നതായിരുന്നില്ല, സർജറിയുടെ ചെലവ്. ബിൽ അടയ്ക്കാൻ കൗണ്ടറിൽ എത്തിയപ്പോൾ വീണ്ടും കാരുണ്യയുടെ കാർഡ് തുണയായി. സർജറിക്കുവേണ്ടിവന്ന രണ്ടുലക്ഷത്തിലധികം രൂപ ആ പദ്ധതിയിലൂടെ കിട്ടി. ശിവകുമാർ ചെറിയ ജോലികൾ ചെയ്തുതുടങ്ങി. നിഷ പഴയ ജീവിതത്തിലേക്ക് വന്നുകൊണ്ടിരിക്കുന്നു. ഇനി ഒരു ജോലി നോക്കണം മക്കളെ പഠിപ്പിക്കണം. പാതിവഴിയിൽ പണി നിലച്ച കുഞ്ഞുവീട് പൂർത്തിയാക്കണം. അങ്ങനെ പോകുന്നു കാരുണ്യ നൽകിയ പുതുജീവിതത്തിലെ പ്രതീക്ഷകൾ. ചെറുചിരിയോടെ നിഷ പ്രതീക്ഷകൾ പങ്കിടുമ്പോൾ ഉള്ളിൽ അഭിമാനം നിറഞ്ഞു, ചാരിതാർഥ്യവും - കാരുണ്യ ആരോഗ്യ സുരക്ഷ പദ്ധതിയുടെ ഭാഗമാകാൻ കഴിഞ്ഞതിൽ.

**ബിസ്മി എസ്. ജെ. നായർ**
ജില്ല പ്രോജക്ട് കോർഡിനേറ്റർ
തിരുവനന്തപുരം

# ഹൃദയപൂർവം നിങ്ങളുടെ 'കാരുണ്യ'



**കോ**തമംഗലം സ്വദേശിയാണ് ചെല്ലമ്മ. വയസ്സ് 61. തൊഴിലുറപ്പ് പദ്ധതിയിൽ കൂലിപ്പണി ചെയ്താണ് അവർ കുടുംബം പുലർത്തുന്നത്. ഭർത്താവിന് ശാരീരിക അവശതകൾ മൂലം പണിയൊന്നും ചെയ്യാനാവാത്ത അവസ്ഥ. രണ്ടു മക്കൾ. ഇരുവരും വിദ്യാർത്ഥികൾ. ഒഴിവു സമയങ്ങളിൽ അവരും ചെറിയ ജോലികൾ ചെയ്യുന്നു.

അറുപതു പിന്നിട്ടപ്പോൾ ആകസ്മികമായി പിടികൂടിയ നെഞ്ചെരിച്ചിൽ മാറാതെ വന്നപ്പോൾ മരുന്നുവാങ്ങാൻ കോതമംഗലം താലൂക്ക് ആശുപത്രിയിലെത്തിയതാണ് ചെല്ലമ്മ. പരിശോധനയിൽ ഹൃദ്രോഗമാണെന്ന് കണ്ട് ഡോക്ടർ അവരെ എറണാകുളം ജനറൽ ആശുപത്രിയിലേക്ക് റഫർ ചെയ്തു. അപ്പോൾ തന്നെ അവരെ അവിടെ തീവ്രപരിചരണവിഭാഗത്തിൽ പ്രവേശിപ്പിച്ചു. ആൻജിയോഗ്രാം പരിശോധന നടത്തി. ഉടൻ ഹൃദയ ശസ്ത്രക്രിയ അനിവാര്യമെന്ന് ഡോക്ടർ ഉറപ്പിച്ചു പറഞ്ഞു. പക്ഷെ അതിനവിടെ സൗകര്യമില്ല. സ്വകാര്യആശുപത്രിയെ ആശ്രയിക്കുകയേ നിർവാഹമുള്ളൂ. അതിനുള്ള സാമ്പത്തികശേഷി ആ കുടുംബത്തിനില്ലതാനും.

ചെല്ലമ്മയുടെ ബന്ധുക്കൾ നിസ്സഹായാവസ്ഥ പറഞ്ഞപ്പോൾ ഡോക്ടർ ചോദിച്ചു: “നിങ്ങൾക്ക് സർക്കാർ തന്ന ആരോഗ്യ ഇൻഷുറൻസ് കാർഡില്ലേ, പിന്നെന്തിന് ഭയക്കണം?” ഒട്ടും വൈകിച്ചില്ല. ഡോക്ടർ അപ്പോൾ തന്നെ മികച്ച സൗകര്യങ്ങളുള്ള കാക്കനാട്ടെ സ്വകാര്യ ആശുപത്രിയിലേക്ക് അവരെ റഫർ ചെയ്തു. ഉടൻ ശസ്ത്രക്രിയ നടത്തി. 1,18,100 രൂപയായിരുന്നു ആശുപത്രി ബിൽ. മുഴുവൻ തുകയും കാരുണ്യ പദ്ധതിയിൽ നിന്ന് അനുവദിച്ചു. കുറച്ചുനാളത്തെ വിശ്രമം കൂടി കഴിഞ്ഞപ്പോൾ ചെല്ലമ്മ ഉഷാറായി. പരിശോധനകൾക്കുശേഷം തൊഴിലുറപ്പു പണിക്ക് പോകാൻ ഡോക്ടർ അവർക്ക് അനുവാദം നൽകി. അവർക്കും കുടുംബത്തിനും അതൊരു വലിയ ആശ്വാസമായി. കാരുണ്യയിലൂടെ വീണ്ടെടുത്ത ആരോഗ്യവുമായി അവർ വീണ്ടും തൊഴിലിടത്തിലെത്തി, വർധിച്ച ആത്മവിശ്വാസത്തോടെ.

**ഹേമ. കെ.ആർ**
ജില്ല പ്രോജക്ട് കോർഡിനേറ്റർ
എറണാകുളം

# ആശങ്കയകന്നു, ഇനി കാരുണ്യയുണ്ടല്ലോ ഒപ്പം




**നാ**ലു വർഷം മുമ്പാണ് തന്റെ വൃക്ക പണിമുടക്കി എന്ന ഞെട്ടിപ്പിക്കുന്ന സത്യം ആതിര മനസ്സിലാക്കിയത്. ചെറിയ കാലുവേദനയായിരുന്നു തുടക്കം. ആദ്യം ആയുർവേദ ചികിത്സ ചെയ്തു. പിന്നെയാണ് രോഗകാരണം കണ്ടെത്തിയത്. ഇപ്പോൾ ആഴ്ചയിൽ മൂന്ന് ഡയാലിസിസ് വേണം എന്ന നിലയിലായി. ഇരുപത്തിയേഴു വയസ്സുള്ള ആതിരയ്ക്ക് ആകെ ആശ്രയം അമ്മയാണ് അച്ഛൻ രണ്ടുകൊല്ലം മുൻപ് അന്തരിച്ചു. മറ്റ് വീടുകളിൽ ചെറിയ ജോലികൾ ചെയ്തു കുടുംബം നോക്കിയിരുന്ന അമ്മയ്ക്ക് ഇപ്പോൾ മകളെ നോക്കാൻ മാത്രമേ നേരം കിട്ടുന്നുള്ളൂ. ചികിത്സാചെലവ് താങ്ങാനാവുമായിരുന്നില്ല. നാട്ടുകാരും കൂട്ടുകാരും സഹായിച്ചാണ് ഒരുവിധം പിടിച്ചുനിന്നത്. അവിവാഹിതയാണ് ആതിര. ഏറെ ബുദ്ധിമുട്ടിയുള്ള ചികിത്സയ്ക്കിടെ ആലപ്പുഴ ജനറൽ ആശുപത്രിയിലെ കാസ്പ് കൗണ്ടറിൽ നിന്നാണ് കാരുണ്യ ആരോഗ്യ സുരക്ഷ പദ്ധതിയുടെ ആനുകൂല്യത്തിന് താൻ അർഹയാണെന്ന് ആതിരയ്ക്ക് മനസ്സിലായത്. അതോടെ ഡയാലിസിസ് പൂർണമായും സൗജന്യമായി. ജീവിതത്തിൽ വേറെയും സങ്കടങ്ങൾ പലതുണ്ട്, ആതിരയ്ക്ക്. സ്വന്തമായൊരു വീട്. ആ സ്വപ്നം ഇനിയും സഫലമായിട്ടില്ല. സുമനസ്സുകളുടെ സഹായത്താൽ അടിത്തറയിട്ടു. പക്ഷെ മുന്നോട്ടുപോകാനായില്ല. എല്ലാം ചികിത്സാചെലവിൽ തട്ടിനിന്നു. ഇപ്പോൾ ആശങ്കയൊഴിഞ്ഞു. ചികിത്സ ഇനി കാരുണ്യ നോക്കിക്കോളുമല്ലോ – ആത്മവിശ്വാസം തുടിക്കുന്ന നിറപുഞ്ചിരിയോടെ ആതിര പറഞ്ഞു.

ഈ ആനുകൂല്യത്തിന് വഴിതെളിച്ച കാസ്പ് കൗണ്ടറിലെ പ്രധാനമന്ത്രിആരോഗ്യമിത്ര പ്രീതിമോൾക്കും നിറഞ്ഞ ചാരിതാർഥ്യം. ഈയൊരു പദ്ധതികൊണ്ട് ആതിരയെപ്പോലെ നിരാലംബരായ എത്രയോ പേർക്ക് ഇതിനകം ജീവനും ജീവിതവും തിരിച്ചുപിടിക്കാനായിരിക്കുന്നു !

**വിനീത് വി**
ജില്ല പ്രോജക്ട് കോർഡിനേറ്റർ
ആലപ്പുഴ

# ഹൃദയതാളമറിഞ്ഞ് ....



**കൂ**ലിപ്പണിക്കാരനാണ് മലപ്പുറം സ്വദേശി ശ്രീധരൻ. ആറുപേരടങ്ങുന്ന നിർധനകുടുംബത്തിന്റെ നായകൻ. ഭാര്യയും നാല്പെൺമക്കളുമടങ്ങുന്ന കുടുംബം. പ്രായാധിക്യവും ശാരീരികബുദ്ധിമുട്ടുകളും അവഗണിച്ച് കുടുംബം പോറ്റാൻ കൂലിപ്പണിയെടുക്കുന്നതിനിടെ ഒരു ദിവസം ശ്വാസംമുട്ട് അധികരിച്ച് അദ്ദേഹം കോട്ടയ്ക്കലെ എച്ച്എംഎസ്ആശുപത്രിയിലെത്തി. പരിശോധനയിൽ ഇ.സി.ജി വ്യതിയാനം കണ്ടെത്തി.

സികെഎംബിയും എലിവേറ്റഡ് ആണെന്ന് കണ്ടതോടെ അദ്ദേഹത്തെ ആശുപത്രിയിൽ പ്രവേശിപ്പിക്കാൻ ഡോക്ടർ നിർദ്ദേശിച്ചു. ഭാരിച്ച ചെലവുകൾ ഓർത്താവാം അദ്ദേഹം ആദ്യം ഒന്നു മടിച്ചു. ആൻജിയോഗ്രാം ചെയ്ത്നോക്കണം എന്നു പറഞ്ഞപ്പോൾ ആ പാവം ഒന്നുകൂടെ ഭയന്നു. ബ്ലോക്കുണ്ടെങ്കിൽ ശസ്ത്രക്രിയ വേണ്ടിവന്നാലോ എന്ന് ചിന്തിച്ചാവാം, അത്രയ്ക്ക് അസുഖമൊന്നുമില്ലെന്നുപറഞ്ഞ് ഒഴിയാൻ ശ്രമിച്ചു. ഇതറിഞ്ഞ 'കാസ്പി'ലെ ആരോഗ്യമിത്ര അദ്ദേഹത്തെ സമീപിച്ചു. സർക്കാർ തന്ന ഹെൽത്ത് ഇൻഷുറൻസ് കാർഡുണ്ടോ എന്നന്വേഷിച്ചു. അദ്ദേഹത്തിന് അക്കാര്യത്തിൽ ഉറപ്പുണ്ടായിരുന്നില്ല. ഉടൻ വീട്ടിലേക്ക് വിളിച്ച് രേഖകൾ തിരയാൻ മകളോട് നിർദേശിച്ചു. അപ്പോഴാണ് വീട്ടുകാർ ശ്രീധരന്റെ രോഗാവസ്ഥ മനസ്സിലാക്കിയത്. അധികം താമസിയാതെ വീട്ടിൽനിന്ന് ആശ്വാസകരമായ ആ വാർത്തയെത്തി – കാർഡുണ്ട്.

അംഗത്വമുണ്ടെങ്കിൽ ചികിത്സ പൂർണമായും സൗജന്യമാണെന്ന് ആരോഗ്യമിത്ര പറഞ്ഞപ്പോൾ ആ മുഖത്തെ മ്ലാനത മാറി. സ്വകാര്യ ആശുപത്രിയിലും അതിന്റെ ആനുകൂല്യം കിട്ടുമോ എന്നായി പിന്നത്തെ ആശങ്ക. എംപാനൽ ചെയ്ത ആശുപതികളിലെല്ലാം അതുണ്ടാവുമെന്ന് പറഞ്ഞപ്പോൾ ആ മുഖം ഒന്നുകൂടി വികസിച്ചു. കാർഡുമായി ഉടൻ വീട്ടുകാരെത്തി. കാസ്പിന്റെ കിയോസ്കിൽ അംഗത്വ പരിശോധന പൂർത്തിയാക്കി. ശ്രീധരനെ അപ്പോൾ തന്നെ അഡ്മിറ്റ് ചെയ്തു. വിശദപരിശോധനയിൽ ശസ്ത്രക്രിയ അനിവാര്യമാണെന്ന് കണ്ടെത്തി. വിജയകരമായി അത് പൂർത്തിയാക്കി നാലുനാൾ കഴിഞ്ഞ് ആശുപത്രി വിടുമ്പോൾ കുടുംബം ഒന്നടങ്കം ഡോക്ടറെയും ആരോഗ്യമിത്രയെയും കണ്ട് നന്ദി പറയാനെത്തി.

“ഈയൊരു പദ്ധതി കൊണ്ടുമാത്രമാണ് ഞങ്ങൾക്ക് ഞങ്ങളുടെ അച്ഛനെ തിരിച്ചുകിട്ടിയത്” – മക്കൾ നിറകണ്ണുകളോടെ അത് പറഞ്ഞപ്പോൾ അവരേക്കാളധികം സന്തോഷിച്ചത് ഞങ്ങളാണ് – ആശുപത്രിയിലെ കാസ്പ്മെഡ്കോ ഡോക്ടർ ബരീര പറഞ്ഞു. ഒന്നര വർഷമായി കാസ്പ്മെഡ്കോ ആയി സേവനമനുഷ്ഠിക്കുന്ന ഡോക്ടർ ബരീരയ്ക്ക് പറയാൻ ഇത്തരം അനുഭവങ്ങൾ നിരവധിയാണ്. “ആശങ്കയോടെ കരഞ്ഞും നിലവിളിച്ചും ആശുപത്രിയിലെത്തുന്ന രോഗികളും ബന്ധുക്കളും ചികിത്സകഴിഞ്ഞ് ചിരിച്ച മുഖത്തോടെ മടങ്ങിപ്പോകുന്നത് കാണുമ്പോഴാണ് കാരുണ്യ ആരോഗ്യസുരക്ഷ പദ്ധതിയുടെ കൈത്താങ്ങ് എത്ര ആശ്വാസകരമാണെന്ന് ബോധ്യമാകുന്നത്. എനിക്കും അഭിമാനമുണ്ട് – ഈ സംവിധാനത്തിന്റെ ഭാഗമായതിൽ” – ഡോക്ടർ ബരീര കൂട്ടിച്ചേർത്തു.

**ജിനേഷ്**
ജില്ല പ്രോജക്ട് കോർഡിനേറ്റർ
മലപ്പുറം

## “സ്വപ്നത്തിൽപോലും വിചാരിച്ചില്ല, എനിക്കിനി നടക്കാനാവുമെന്ന്”



**എ**ന്റെ പേര് ശാന്ത കെ.എസ്., വയസ്സ്: 67. തൃശ്ശൂർ എടക്കളത്തൂർ സ്വദേശി. ചെത്തുതൊഴിലാളിയായ ബാലനാണ് ഭർത്താവ്. ഞങ്ങൾക്ക് നാല് പെൺമക്കൾ. അവരെ കല്യാണംകഴിച്ചയച്ചതിൽ പിന്നെ പലവിധ പ്രാരാബ്ധങ്ങളുമായി ദിനരാത്രങ്ങൾ തള്ളിനീക്കുകയായിരുന്നു. 15 വർഷമായി വിടാതെ പിൻതുടരുന്ന മുട്ടുവേദന കാരണം ഒരു ജോലിയും ചെയ്യാൻ സാധിച്ചിരുന്നില്ല. 82 കിലോയുള്ള എന്റെ ശരീരഭാരം താങ്ങാനാവാതെ രണ്ടു മുട്ടുകളും വളഞ്ഞ് ഒരടിപോലും നടക്കാൻ സാധിക്കാതെയായി.

ഭർത്താവിനും അസുഖങ്ങൾകൂടിയതോടെ ചികിത്സയ് ക്കുള്ള സാമ്പത്തിക പ്രയാസം കാരണം എന്റെ മുട്ടുവേദന ആരോടും പറയാതെ സഹിച്ചു. തീരെ കിടപ്പിലായപ്പോൾ മകൾ വാടാനപ്പിള്ളിയിലുള്ള അവളുടെ വീട്ടിലേക്ക് എന്നെ കൊണ്ടുപോയി. അവിടെ അടുത്തുള്ള സ്വകാര്യ ആശുപത്രിയിൽ മുട്ടുമാറ്റിവയ്ക്കൽ ശസ്ത്രക്രിയ നടത്തുന്നുണ്ടെന്നും ആരോഗ്യ ഇൻഷുറൻസ് കാർഡ് ഉള്ളവർക്ക് മറ്റു ചെലവുകൾ ഇല്ലാതെ ശസ്ത്രക്രിയ നടത്തി തരുമെന്നും അവൾ എങ്ങനെയോ അറിഞ്ഞിരുന്നു. അങ്ങനെ ഞങ്ങൾ ഡോക്ടറെ കാണുകയും ഓപ്പറേഷൻ തീരുമാനിക്കുകയും ചെയ്തു. 2020 നവംബറിൽ ആദ്യത്തെ കാൽമുട്ടും മൂന്നുമാസത്തിനുശേഷം രണ്ടാമത്തെ കാൽമുട്ടും മാറ്റിവച്ചു. പിന്നെ കുറച്ചുദിവസത്തെ ഫിസിയോതെറാപ്പി. ഇന്ന് സ്വന്തം കാലിൽ സുഖമായി നടക്കാൻ എനിക്കു സാധിക്കുന്നു.

മികച്ച ചികിത്സ, നല്ല ആശുപത്രി അന്തരീക്ഷം, ഡോക്ടർമാരുടെയും നഴ്സുമാരുടേയും മറ്റ് സ്റ്റാഫിന്റെയും നല്ല പെരുമാറ്റം. എന്റെ മനസ്സ് നിറഞ്ഞു. സ്വപ്നത്തിൽ പോലും വിചാരിച്ചിരുന്നില്ല എനിക്കിനി നടക്കാനാവുമെന്ന്. സ്വകാര്യ ആശുപത്രികളിൽ ലക്ഷങ്ങൾ ചെലവുവരുന്ന ഈ സർജറി, സർക്കാരിന്റെ ആരോഗ്യ ഇൻഷുറൻസ് പദ്ധതിയിൽ അംഗമായ എനിക്ക് വളരെ നല്ല രീതിയിൽ കാഷ്‌ലെസ്സ് ആയി ചെയ്യാൻ സാധിച്ചു. പാവപ്പെട്ട രോഗികൾക്ക് ആശ്രയമായി എന്നും കാരുണ്യ ആരോഗ്യ ഇൻഷുറൻസ് പദ്ധതി ഉണ്ടാവട്ടെ എന്ന ആഗ്രഹത്തോടെ

നന്ദിപൂർവം

**ശാന്ത**
എടക്കളത്തൂർ, തൃശ്ശൂർ

# ചോദിക്കൂ, പറയാം

## ഗുണഭോക്താക്കളുടെ സംശയങ്ങളും മറുപടിയും


### കാരുണ്യ ആരോഗ്യസുരക്ഷ പദ്ധതി (KASP) യോഗ്യതാ മാനദണ്ഡം എന്താണ്?

2018-19 സാമ്പത്തികവർഷം പ്രാബല്യത്തിലുള്ള ആർ.എസ്.ബി.വൈ. കാർഡുള്ള എല്ലാ കുടുബാംഗങ്ങൾക്കും കേന്ദ്രസർക്കാരിന്റെ എസ്.ഇ.സി.സി. പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള അർഹരായ കുടുംബാംഗങ്ങൾക്കും പുതിയ പദ്ധതിയിൽ അംഗത്വമെടുക്കാവുന്നതാണ്. കുടുംബനാഥൻ/കുടുംബനാഥ എന്നിവർക്ക്പുറമേ റേഷൻകാർഡിലുള്ള എല്ലാ അംഗങ്ങളേയും പദ്ധതിയിൽ ഉൾപ്പെടുത്താവുന്നതാണ്. കുടുംബത്തിലെ മുഴുവൻ അംഗങ്ങൾക്കും വ്യക്തിഗത ABPM - JAY - KASP കാർഡ് ലഭിക്കും. അതിനായി ചികിത്സ തേടുന്ന സമയത്ത് ആശുപത്രികളിലെ KASP കിയോസ്ക്കുകളിൽ നിന്നും ഈ സേവനം സൗജന്യമായി ഗുണഭോക്താക്കൾക്ക് ഉപയോഗിക്കാവുന്നതാണ്.

### KASP ൽ അംഗത്വം ഉണ്ടോ എന്നറിയാൻ എന്ത്ചെയ്യണം?

ദിശയുടെ ടോൾഫ്രീ നമ്പറായ 104/1056/0471-2552056 ൽ ബന്ധപ്പെടുക. കൂടാതെ നാഷണൽ ഹെൽത്ത് അതോറിറ്റിയുടെ https://mera.pmjay.gov.in/search/login എന്ന പോർട്ടൽ വഴിയും അംഗത്വം സംബന്ധിച്ച വിവരങ്ങൾ അറിയാൻ സാധിക്കും.





### KASP പദ്ധതിപ്രകാരം ഏതെല്ലാം ആശുപത്രികളിൽ ചികിത്സ സൗകര്യം ലഭ്യമാകുമെന്ന് എങ്ങനെ അറിയാം?

പദ്ധതിയിലൂടെ ചികിത്സ ലഭ്യമാകുന്ന സർക്കാർ / സ്വകാര്യ ആശുപത്രികളുടെ വിവരങ്ങൾ ജില്ലതിരിച്ച് അറിയാൻ സ്റ്റേറ്റ് ഹെൽത്ത് ഏജൻസിയുടെ വെബ്സൈറ്റ് www.sha.kerala.gov.in അല്ലെങ്കിൽ https://sha.kerala.gov.in/list-of-empanelled-hospitals/സന്ദർശിക്കുക.

### KASP കാർഡ് നഷ്ടപ്പെട്ടാൽ എന്ത്ചെയ്യണം ?

ചികിത്സ ആവശ്യമായിവരുന്ന സമയത്ത് നിങ്ങളുടെ വീടിനടുത്ത് പദ്ധതിയുടെ സേവനം ലഭ്യമാകുന്ന ആശുപത്രികളിലെ 'കാസ്പ്' കിയോസ്ക്കുമായി ബന്ധപ്പെടേണ്ടതാണ്.

### കാർഡ് നഷ്ടപ്പെടുമ്പോൾ എന്തൊക്കെ രേഖകൾ ആണ് ആശുപത്രിയിലെ KASP കിയോസ്ക്കിൽ സമർപ്പിക്കേണ്ടത്?

AB PM - JAY - KASP അംഗത്വ കാർഡിന് അപേക്ഷിച്ച സമയത്ത് നൽകിയ മൊബൈൽ നമ്പർ, ഫോട്ടോ ഐഡി പ്രൂഫ്, റേഷൻ കാർഡ്, ആധാർ കാർഡ്.

### KASP കാർഡ് പുതുക്കേണ്ടതുണ്ടോ?

2018-19 നുശേഷം പുതുക്കൽ നടപടി ആരംഭിച്ചിട്ടില്ല. പുതുക്കൽ നടപടി ആരംഭിക്കുമ്പോൾ പത്രമാധ്യമങ്ങൾവഴി ഔദ്യോഗികമായി പൊതുജനങ്ങളെ അറിയിക്കുന്നതാണ് .

### KASP പദ്ധതിയുമായി ബന്ധപ്പെട്ട് സമൂഹമാധ്യമങ്ങളിൽ പ്രചരിക്കുന്ന വ്യാജ വാർത്തകളുടെ സത്യാവസ്ഥ സ്ഥിരീകരിക്കാൻ എന്ത്ചെയ്യണം ?

ദിശയുടെ ടോൾഫ്രീനമ്പറായ 104/1056/ 0471-2552056 ൽ ബന്ധപ്പെടുകയോ സ്റ്റേറ്റ്ഹെൽത്ത്ഏജൻസി അധികൃതരുമായി ബന്ധപ്പെടുകയോ സ്റ്റേറ്റ്ഹെൽത്ത് ഏജൻസിയുടെ സാമൂഹ്യമാധ്യമങ്ങൾ പരിശോധിക്കുകയോ ചെയ്യുക.

**website : www.sha.kerala.gov.in**
**facebook : statehealthagencykerala**
**twitter : twitter.com/AgencyKerala**
**youtube : statehealthagencykerala**

### KASP പദ്ധതിയിൽ കുടുംബത്തിലെ പുതിയ അംഗങ്ങളെ ചേർക്കുന്നതെങ്ങനെ?

ചികിത്സ ആവശ്യമായിവരുന്ന സമയത്ത്, നിലവിൽ കാരുണ്യ ആരോഗ്യ സുരക്ഷ പദ്ധതിയിൽ അംഗത്വമുള്ള വ്യക്തിയുമായി ബന്ധം തെളിയിക്കുന്ന രേഖകൾ - അതായത് വിവാഹ സർട്ടിഫിക്കറ്റ്, ജനനസർട്ടിഫിക്കറ്റ്, ആധാർ, റേഷൻകാർഡ് എന്നിവ സഹിതം അടുത്തുള്ള, കിടത്തിചികിത്സയുള്ള സർക്കാർ ആശുപത്രിയുടെ KASP കൗണ്ടറുമായിബന്ധപ്പെടുക.

### KASP പദ്ധതിയിൽ അംഗത്വം ഉള്ളവർ കിടത്തിചികിത്സയ്ക്ക് മുൻകൂർപണം അടയ്ക്കേണ്ടതുണ്ടോ?

ആശുപത്രിയിൽ കിടത്തിചികിത്സയ്ക്ക് മുൻപോ, ഡിസ്ചാർജ്നു ശേഷമോ പണം ആശുപത്രികൾക്ക് നൽകേണ്ട ആവശ്യമില്ല. പദ്ധതിപ്രകാരം ചികിത്സ പൂർണ്ണമായും സൗജന്യമാണ്.

### KASP പദ്ധതിപ്രകാരം സൗജന്യചികിത്സ ആനുകൂല്യം എപ്പോൾ മുതൽ ലഭ്യമാകും?

കിടത്തിചികിത്സയ്ക്കായി ആശുപത്രിയിൽ പ്രവേശിപ്പിക്കുന്നതു മുതൽ.

*(തുടരും)*

കാരുണ്യകേരളം
സ്റ്റേറ്റ് ഹെൽത്ത് ഏജൻസി
വാർത്താപത്രിക
വാല്യം : 01
ലക്കം : 05
2021 ഒക്ടോബർ

# ശരീരം തളർന്നിട്ടും തളരാതെ 'ആരോഗ്യമിത്ര'യായി സലാം



തളർന്ന ശരീരവുംതളരാത്ത മനസ്സുമായിസലാം പുതുജീവിതത്തിലേക്ക്. കാരുണ്യ ആരോഗ്യസുരക്ഷ പദ്ധതിയിൽ 'പ്രധാൻമന്ത്രിആരോഗ്യമിത്ര'യായി ചേർന്ന ആ യുവാവിപ്പോൾ വീൽച്ചെയറിലിരുന്ന് തന്നെപ്പോലെ നിരവധിപേർക്ക് താങ്ങുംതണലുമാകുന്ന ജീവകാരുണ്യ പ്രവർത്തനങ്ങളിൽ സജീവമാണ്. കാരുണ്യ ആരോഗ്യസുരക്ഷപദ്ധതിയിലൂടെ തൊഴിൽനേടി ജീവിതത്തിൽ ലക്ഷ്യബോധമുറപ്പിച്ച രണ്ടായിരത്തോളം'ആരോഗ്യമിത്ര'മാരിലൊരാൾ.

രോഗംകാരണം വിദേശത്തെ തൊഴിൽ നഷ്ടപ്പെട്ട് നാട്ടിലെത്തിയ സലാമിന് തണലായത് 'സ്റ്റേറ്റ് ഹെൽത്ത് ഏജൻസി (SHA)'ൽ എംപാനൽ ചെയ്ത കണ്ണൂരിലെ'തണൽ' എന്ന ആരോഗ്യപരിരക്ഷ കേന്ദ്രമാണ്. അപകടങ്ങളും രോഗങ്ങളും കാരണം കിടപ്പിലായ പാരപ്ലീജിയ രോഗികൾക്കുള്ള പരിചരണത്തിനൊപ്പം സ്റ്റേറ്റ്ഹെൽത്ത് ഏജൻസിയുടെ 'കാരുണ്യ'സൗജന്യ ഡയാലിസിസ് സെന്ററും ഇവിടെ പ്രവർത്തിക്കുന്നു.

കണ്ണൂർ ഐ.ടി.ഐ.യിൽ നിന്ന്സാങ്കേതിക വിദ്യാഭ്യാസം നേടി കുടുംബത്തിന്റെ പട്ടിണിമാറ്റാനായി ഇരുപതാംവയസ്സിൽ വിദേശത്തേക്കു തിരിച്ച ആ ശ്രീകണ്ഠാപുരം സ്വദേശി മുന്നുവർഷത്തെ കഠിനാധ്വാനത്തിനുശേഷം നാട്ടിൽ മടങ്ങിയെത്തിയത് ന്യൂറോഫൈബ്രോമോസിസ് എന്ന അപൂർവരോഗം ബാധിച്ച് തളർന്നശരീരവും കനത്ത സാമ്പത്തിക ബാധ്യതകളുമായാണ്. ഏഴുതവണ ശസ്ത്രക്രിയയ്ക്ക് വിധേയനായിട്ടും ആരോഗ്യം വീണ്ടെടുക്കാനാകാതെ വന്നപ്പോഴാണ് വിദേശത്തെ സ്നേഹിതർ ചേർന്ന് സലാമിനെ നാട്ടിലെത്തിച്ചത്. വീട്ടിലെ പ്രാരബ്ധങ്ങളും ബുദ്ധിമുട്ടുകളുംമൂലം തുടർപരിചരണത്തിനായി അയാളെവീട്ടുകാർ കണ്ണൂരിലെ 'തണൽ'ചികിത്സാകേന്ദ്രത്തിൽ പ്രവേശിപ്പിച്ചു. ക്രമേണ അവിടെ'കാരുണ്യ'യുടെ 'ആരോഗ്യമിത്ര'യായി.

മാറാരോഗവുമായി മല്ലിടുന്നവരെ സഹായിക്കാനായപ്പോൾ അയാൾ തന്റെ അവശതകൾ മറന്നുതുടങ്ങി. വിദേശവാസക്കാലത്തു നേടിയ കമ്പ്യൂട്ടർ പരിശീലനവും അക്കൗണ്ടിങ്ങ് പരിജ്ഞാനവും ചുരുങ്ങിയനാൾക്കുള്ളിൽ സലാമിനെ മികച്ച ആരോഗ്യമിത്രയാക്കി.

സ്റ്റേറ്റ് ഹെൽത്ത് ഏജൻസിയിൽ ഇതിനകം എംപാനൽ ചെയ്ത 193 സർക്കാർ ആശുപത്രികളിലും 575 സ്വകാര്യ ആശുപത്രികളിലുമായി 'പ്രധാൻമന്ത്രിആരോഗ്യമിത്ര'/'മെഡ്കോ'ചുമതലകളിൽ രണ്ടായിരത്തോളം പേരാണ് ഇപ്പോൾ സേവനമനുഷ്ഠിക്കുന്നത്. രോഗികൾക്കുള്ള സൗജന്യ ചികിത്സയ്ക്കു പുറമെ സലാമിനെപ്പോലെ നിരവധിപേരെ അർഥവത്തായ തൊഴിൽ നൽകിജീവിതത്തിലേക്ക് തിരിച്ചുകൊണ്ടുവരാനും സ്റ്റേറ്റ് ഹെൽത്ത് ഏജൻസിക്ക് കഴിഞ്ഞു. പദ്ധതി മൂന്നാംവർഷത്തിലേക്ക് കടക്കുമ്പോൾ അഭിമാനാർഹമായ നിരവധി ദേശീയ പുരസ്ക്കാരങ്ങൾ നേടാൻ കേരളത്തെ പ്രാപ്തമാക്കിയത് ഇവരുടെമികച്ച സേവനം കൊണ്ടുകൂടിയാണ്.

**മിഥുൻ റ്റി**
ജില്ലാ കോർഡിനേറ്റർ,
കണ്ണൂർ




Edited and published by Dr. Rathan U Kelkar IAS, Executive Director, State Health Agency for and on behalf of State Health Agency, Department of Health and Family Welfare, Government of Kerala. Editor: C Latheef. Design and layout: Arun. V. Dev (Devgraph) #9961213370
(For Private Circulation only)